പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4126

25-6-2014-ൽ മറുപടിക്ക്

## കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം.

| ചോദ്യം<br>ശ്രീ. എ. പ്രദീപ് കുമാർ. | ഉത്തരം<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് നഗരത്തിൽ പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നുവോ; | (എ) കോഴിക്കോട് നഗരശുദ്ധജല വിതരണ പദ്ധതിയുടെ തകരാറിലായ എ.സി. പൈപ്പുകളും പഴയ 700 mm പ്രിമോ പൈപ്പുകളും മാറ്റി സ്ഥാപിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) മാവൂർ റോഡിൽ വെള്ളിപറമ്പ് മുതൽ തൊണ്ടയാട് വരെ 3600 മീറ്റർ പഴയ 700 mm പ്രിമോ പൈപ്പ് മാറ്റി 700 MM ഡി.ഐ. പൈപ്പ് സ്ഥാപിച്ച കഴിഞ്ഞു.<br>ബാക്കി 1475 മീറ്റർ ചേവായൂർ മുതൽ വൃന്ദാവൻ കോളനി വരെയും 200 മീറ്റർ നെല്ലിക്കോട് മുതൽ പൊറ്റമ്മൽ ടാങ്ക് വരെയും 700 mm ഡി.ഐ. പൈപ്പ് സ്ഥാപിക്കേണ്ടതുണ്ട്. പ്രവൃത്തി, മഴക്കാലം കഴിഞ്ഞ് ആരംഭിച്ചാൽ മതിയെന്ന് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.<br>തെങ്ങിലക്കടവ് പുഴയിൽ പഴയ 700 mm പ്രിമോ പൈപ്പിന് പകരം പുതിയ 710 mm എച്ച്.ഡി.പി.ഇ.പി.എൻ-10 പൈപ്പ് 280 മീറ്റർ സ്ഥാപിച്ചു.<br>കോഴിക്കോട് നഗരശുദ്ധജലവിതരണ പദ്ധതിയുടെ തകരാറായ എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം 118 കി.മീ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കേണ്ടതിൽ 54 കി.മീ. മാറ്റി സ്ഥാപിച്ചു. തിരക്കേറിയ റോഡുകളിലെ |

പൈപ്പലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്കുകൾ ക്വാട്ട് ചെയ്തതിനാലും ചില ടെണ്ടറുകളിൽ പ്രാതിനിധ്യം ഇല്ലാത്തതിനാലും മുഴുവൻ പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ബാക്കി പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

കൂടാതെ പുതുക്കിയ എസ്റ്റിമേറ്റും ഭരണാനുമതിയും നൽകിയതിൻ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ കൂടി ഏറ്റെടുത്തു:

1. ബീച്ച് റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ.
2. പാറോപ്പടി-കണ്ണാടിക്കൽ റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ.
3. ഫ്ലോറിക്കൽ റോഡ്-കാരപറമ്പ് റോഡ് പൈപ്പ് ലൈൻ മാറ്റൽ.

ബീച്ച് റോഡിലെ പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. പാറോപ്പടി-കണ്ണാടിക്കൽ റോഡ് പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തെങ്കിലും ടെണ്ടറിൽ പ്രാതിനിധ്യം ഉണ്ടായിട്ടില്ല. അതിനാൽ വീണ്ടും ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

JICA പദ്ധതിയിൻ കീഴിൽ നിലവിലുള്ള പ്രിമോ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി വരുന്നത് കൊണ്ട് ഫ്ലോറിക്കൽ റോഡ്-കാരപറമ്പ് റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ